പരപ്പാർ അണക്കെട്ട്

120 [325] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായ പരപ്പാർ അണക്കെട്ടിന്റെ ചോർച്ച പരിശോധിക്കുവാൻ കേന്ദ്ര സംഘം എത്തിയിരുന്നുവോ;

(ബി) എങ്കിൽ സംസ്ഥാന ഗവൺമെന്റിന്റെ അഭ്യർത്ഥന അനുസരിച്ചായിരുന്നുവോ ഈ വിദഗദ്ധ സംഘം എത്തിയത്;

(സി) ആരൊക്കെയാണ് ഈ സംഘത്തിൽ ഉൾപ്പെട്ടിരുന്നത്;

(ഡി) ഈ സംഘത്തിന്റെ പഠന റിപ്പോർട്ട് ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ റിപ്പോർട്ടിന്റെ സാരാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എത്തിയിരുന്നു.

(ബി) അതേ.

(സി) സെൻട്രൽ വാട്ടർ കമ്മീഷൻ മെമ്പർ ശ്രീ. മാധവനും ഡാം ഡയറക്ടർ ശ്രീ. എം.എസ്. റെഡ്ഡിയും അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നു.

(ഡി) ഉണ്ട്.

(ഇ) കല്ലട ഡാമിന് യാതൊരു അപകട ഭീഷണിയും ഇല്ലെന്നും തൽക്കാലം അനുഭവപ്പെടുന്ന കിനിവ് ഗ്രൗട്ടിംഗും ഗണ്ണറിംഗും കൊണ്ട് പരിഹരിക്കാവുന്നതാണെന്നും അന്വേഷണ സംഘം രേഖപ്പെടുത്തിയിട്ടുണ്ട്. ഡ്രെയിനേജ് ഗ്യാലറിയിലേക്കു ജലം ഊർന്നു വരാത്തതായി കണ്ട ചില പോറസ് ഹോളുകളെ വീണ്ടും ഡ്രിൽ ചെയ്തു അതിൽ കൂടി ജലം ഊർന്നു വരത്തക്ക സാഹചര്യം ഉറപ്പുവരുത്തണമെന്നു റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഡാം ഫൗണ്ടേഷനിൽ നിന്നും പ്രഷർ റിലീസ് ഹോളുകളിൽ നിന്നും വരുന്ന ജലത്തിന്റെ തോത് കൂടെക്കൂടെ പരിശോധിച്ചു അധികമെന്നു കാണുകയാണെങ്കിൽ വേണ്ടിവന്നാൽ കൂടുതൽ ഗ്രൗട്ടിംഗ് നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പരിശോധന സമയത്തു ഡ്രെയിനേജ് ഗ്യാലറിയിൽ വന്നു ചേർന്നിരുന്ന ജലത്തിന്റെ തോത് കൂടുതൽ ആയിരുന്നില്ല. നദിയുടെ അടിത്തട്ടിൽ നിന്നും താഴേക്കു പോയിട്ടുള്ള ഡ്രെയിനേജ് ഗ്യാലറിയിൽ വന്നു ചേരുന്ന ജലം പമ്പു ചെയ്തു കളയുന്നതിനു സദാസമയവും വിദ്യുച്ഛക്തി ലഭ്യമാക്കുന്നതിനുവേണ്ടി ഒരു ജനറേറ്ററും ഡീപ്പ് വെൽ പമ്പുകളും സ്ഥാപിക്കണമെന്നു നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

ഓണമ്പലം കട്ട

121 [326] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേ കല്ലട പഞ്ചായത്തിലെ ഓണമ്പലം കട്ടിന്റെ പണികൾ വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly